**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2712** **17-03-2022 - ൽ മറുപടിയ്ക്ക്**

**കേരളാ ബാങ്കിലെ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മുൻ ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിപ്പിച്ചതിനു ശേഷം പ്രാഥമിക സഹകരണ സ്ഥാപനങ്ങൾക്ക് ഏതൊക്കെ വായ്പകളാണ് കേരള ബാങ്കിൽ നിന്നും നൽകിവരുന്നത്; മുൻ ജില്ലാ സഹകരണ ബാങ്ക് നൽകിക്കൊണ്ടിരുന്ന വായ്പകൾ തുടർന്നും നൽകാൻ അനുമതി നല്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നിലവിൽ കേരള ബാങ്കിൽ നിന്നും അനുവദിച്ച് വരുന്ന വായ്പകൾ. 1) ജനറൽ ബാങ്കിംഗ് ക്യാഷ് ക്രെഡിറ്റ്. 2) വർക്കിംഗ് ക്യാപ്പിറ്റൽ ക്യാഷ് ക്രെഡിറ്റ് 3) സ്വർണ്ണപണയ ക്യാഷ് ക്രെഡിറ്റ് 4) SHG, JLG, NHB, FPO,Micro Food Processing, MSME വായ്പകൾ. 5) 'KB സമഗ്ര'- അടിസ്ഥാന സൗകര്യ വികസന വായ്പ. 6) 'മുറ്റത്തെ മുല്ല'- വായ്പകൾക്കുള്ള പുനർ വായ്പ. 7)വനിതാ സഹകരണ സംഘങ്ങൾക്കുള്ള വിവിധയിനം വായ്പകൾ. 8) കാർഷിക വായ്പകൾ ഹ്രസ്വകാലം, കാർഷിക വായ്പകൾ ദീർഘകാലം-നബാർഡ് പുനർവായ്പ. 9) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC പ്രോജക്ട് അടിസ്ഥാനമാക്കിയുള്ള വായ്പകൾ- നബാർഡ് സ്കീം. കേരള ബാങ്ക് നടപ്പിലാക്കിയിട്ടുള്ള മേൽ സ്കീമുകൾക്കു പുറമെ മുൻ ജില്ലാ സഹകരണ ബാങ്കുകൾ നൽകി വന്നിരുന്ന മറ്റിതര വായ്പകളും നിലവിലും തുടർന്ന് വരുന്നുണ്ട്. |
| (ബി) | കേരള ബാങ്കിൽ നിന്നും നൽകുന്ന വായ്പകളുടെ പലിശ നിരക്ക് ആരാണ് നിർണയിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പലിശ നിർണയ ഉന്നതതല സമിതിയുടെ ശുപാർശ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ച് നൽകുന്ന പലിശ നിരക്കിനുള്ളിൽ നിന്ന് ബാങ്കിന്റെ MCLR(Marginal Cost for Lending Rate)ന് വിധേയമായി Asset Liability Committee ശുപാർശ പ്രകാരം കേരള ബാങ്ക് ഭരണസമിതിയാണ് പലിശ നിർണ്ണയിക്കുന്നത്. |
| (സി) | പ്രസ്തുത ബാങ്കിലെ ജീവനക്കാരുടെ നിക്ഷേപ വായ്പയ്ക്ക് നിക്ഷേപത്തേക്കാൾ എത്ര ശതമാനമാണ് പലിശ ചാർജ്ജ് ചെയ്യുന്നതെന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ നിക്ഷേപങ്ങൾക്ക് അധിക പലിശ നൽകാൻ വ്യവസ്ഥയുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | കേരള ബാങ്കിലെ ജീവനക്കാർക്ക് നിക്ഷേപ വായ്പയ്ക്ക് നിക്ഷേപത്തിന് തുല്യമായ പലിശയാണ് ഈടാക്കി വരുന്നത്. റിട്ടയർ ചെയ്ത ജീവനക്കാർക്ക് സാധാരണ പലിശ നിരക്കിനേക്കാൾ ഒരു ശതമാനം പലിശ അധികം നൽകാറുണ്ട്. ആയത് നൽകുന്നത് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡ |

| | | | |
|---|---|---|---|
| | | | പ്രകാരവും ബാങ്കിന്റെ നിക്ഷേപ പോളിസി പ്രകാരവുമാണ്. |
| (ഡി) | കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് അധിക യോഗ്യതക്കായി നൽകുന്ന അഡീഷണൽ ഇൻക്രിമെന്റിനു ഡി.എ ബാധകമാണോ; സഹകരണ സംഘം രജിസ്ട്രാറുടെ 25.02.2021-ലെ 14/2021 നമ്പർ സർക്കുലർ ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾക്കാണ് ബാധകമായിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | കേരള സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാർക്ക് അധിക യോഗ്യതയ്ക്ക് നൽകുന്ന അഡീഷണൽ ഇൻക്രിമെന്റിന് ഡി.എ ബാധകമല്ല. ജീവനക്കാരുടെ അധിക യോഗ്യതക്ക് നൽകുന്ന ഇൻക്രിമെന്റ് അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാത്തരം പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെയും (സംസ്ഥാനത്തെ അർബൻ സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകളും ഒഴികെ) ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായിട്ടാണ് 25-02-2021-ലെ 14/2021-ാം നമ്പർ സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ